A 28-Year-Old Millionaire From Bengaluru Explains How He Became Rich

Ad: Bitcoin Bank

Izaan is suffering from a serious liver disease. Save him!

Ad: Ketto



# മ്യൂച്ചൽ ഫണ്ട് നിക്ഷേപത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

By Login Kerala Jul 1, 2023, 17:30 IST



*അഷിഷ് പട്ടീൽ*
*(ഹെഡ്, പ്രൊഡക്റ്റ് ആന്റ് സ്ട്രാറ്റജി, എൽഐസി മ്യൂച്ചൽ ഫണ്ട് അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡ്)*

**പ്രൊ**ഫഷണൽ ഫണ്ട് മാനേജർ കൈകാര്യം ചെയ്യുന്ന ധന നിധിയാണ് മ്യൂച്ചൽഫണ്ട്. പൊതുവായ നിക്ഷേപ ലക്ഷ്യമുള്ള പലരിൽ നിന്നായി ശേഖരിക്കുന്ന പണം ഓഹരികളിലും കടപ്പത്രങ്ങളിലും സെക്യൂരിറ്റികളിലും ധന വിപണിയിലെ ഇതര ഉൽപന്നങ്ങളിലും നിക്ഷേപിക്കുന്നു. ഇന്ത്യയിലെ  ജന പ്രിയ നിക്ഷേപ സംവിധാനമായിത്തീർന്നിട്ടുണ്ട് മ്യൂച്ചൽ ഫണ്ട്.  500 രൂപ പോലും എസ്ഐപിയിലൂടെ നിക്ഷേപിച്ച് നിങ്ങൾക്ക് മ്യൂച്ചൽ പണ്ട് നിക്ഷേപകനാകാം എന്നതാണ് ഇതിന്റെ ഗുണവശം. എന്നാൽ നല്ല ലാഭം കിട്ടണമെങ്കിൽ വിപണിയിലെ അസ്ഥിരതകളെക്കുറിച്ചൊന്നും ഉൽക്കണ്ഠപ്പെടാതെ ദീർഘകാലത്തേക്ക് നിക്ഷേപിക്കണം. ആദ്യമായി നിക്ഷേപിക്കുന്നവർ അംഗീകൃത മ്യൂച്ചൽഫണ്ട് നിക്ഷേപ ഉപദേഷ്ടാക്കളിൽ നിന്ന് നിർദ്ദേശം സ്വീകരിച്ചു വേണം അനുയോജ്യമായ പദ്ധതി കണ്ടെത്താൻ.  റിസ്കെടുക്കാനുള്ള ഒരാളുടെ കഴിവും എത്ര കാലത്തേക്ക് നിക്ഷേപിക്കാൻ കഴിയും എന്നതും  നിക്ഷേപ ലക്ഷ്യങ്ങളും അനുസരിച്ചായിരിക്കും അവർ പദ്ധതി നിർദ്ദേശിക്കുക.

**മ്യൂച്വൽ ഫണ്ട് നിക്ഷേപത്തിൽ നിങ്ങളെ സഹായിക്കാൻ കഴിയുന്ന ചില കാര്യങ്ങളാണ് ചുവടെ-**

1. നിക്ഷേപ ലക്ഷ്യം നിർവചിക്കുക : പ്രതിവാര, പ്രതിമാസ, ത്രൈമാസ കാലയളവിൽ നിക്ഷേപം അനുവദിക്കുന്ന എസ് ഐപി കളാണ് മ്യൂച്വൽ ഫണ്ട് നിക്ഷേപം തുടങ്ങാൻ ഏറ്റവും നല്ല മാർഗം. റിയൽ എസ്റ്റേറ്റോ ,അവധിക്കാല യാത്രകളോ, വിദ്യാഭ്യാസമോ ,വിവാഹമോ ഏതിനുള്ള പണച്ചിലവാണ് ലക്ഷ്യമെന്ന് ആദ്യം തീരുമാനിക്കണം.

2. മ്യൂച്വൽഫണ്ട് പോർട്ഫോളിയോ വൈവിധ്യവൽക്കരിക്കുക : വിവധ ഓഹരികളിലും കടപ്പത്ര മ്യൂച്വൽ ഫണ്ടുകളിലുമായി നിക്ഷേപിക്കുന്നതാണ് നിക്ഷേപത്തിലെ റിസ്ക് കുറയ്ക്കാൻ ഏറ്റവും നല്ലത്. വിവിധ മേഖലകളിലും ആസ്തി വിഭാഗങ്ങളിലുമായി വൈവിധ്യമാർന്ന അനേകം മ്യൂച്വൽ ഫണ്ട് പദ്ധതികളുണ്ട്.

3. എത്രമാത്രം റിസ്കെടുക്കാൻ കഴിയുമെന്ന് തീരുമാനിക്കുക : എത്രമാത്രം നഷ്ടം താങ്ങാൻ കെൽപ്പുണ്ട് എന്നതിനെ ആശ്രയിച്ചാണ് റിസ്കെടുക്കാനുള്ള കഴിവ് കണക്കാക്കേണ്ടത്. അതിനനുയോജ്യമായ മ്യൂച്വൽ ഫണ്ടുകൾ തിരഞ്ഞെടുക്കുന്നത് നിക്ഷേപം കൂടുതൽ സാർത്ഥകമാക്കും.

4. ഫണ്ടിന്റെ പ്രകടനം പരിശോധിക്കുക : ഫണ്ടിന്റെ മുൻകാല പ്രകടനം, ചിലവിന്റെ അനുപാതം, ആസ്തി നീക്കിയിരിപ്പ്, ഫണ്ട് മാനേജർ, പോർട് ഫോളിയോ ഉള്ളടക്കം, ഫണ്ടിന്റെ വലിപ്പം എന്നീ ഘടകങ്ങളെക്കുറിച്ച് വിശാലമായ ഗവേഷണം ആവശ്യമുണ്ട്.

5. വളർച്ചയ്ക്കനുസരിച്ച് നിക്ഷേപം വർധിപ്പിക്കുക. : ചെറിയ തുകയിൽ മ്യൂച്വൽ ഫണ്ട് നിക്ഷേപം ആരംഭിച്ച ശേഷം വൈദഗ്ധ്യവും വിപണിയെക്കുറിച്ചുള്ള ധാരണയും വർധിക്കുന്നതിനനുസരിച്ച് ക്രമേണയായി തുക വർധിപ്പിക്കയാണ് വേണ്ടത്.

6. പോർട്ഫോളിയോ സദാ കാലാനുസൃതമാക്കി നിലനിർത്തുക : വിപണിയിലെ മാറി വരുന്ന പ്രവണതകൾക്കനുസരിച്ച് പോർട്ഫോളിയോയിൽ മാറ്റങ്ങൾ വരുത്തുകയും പുന:സന്തുലനം ഉറപ്പാക്കുകയും വേണം. സാമ്പത്തിക ലക്ഷ്യങ്ങൾക്കനുസരണമായി വേണം ഇതു നിർവഹിക്കേണ്ടത്.

7. ഔദ്യോഗിക അംഗീകാരമുള്ള മിടുക്കരായ ഉപദേഷ്ടാക്കളുടെ സഹായം തേടുക : സാമ്പത്തിക ലക്ഷ്യവും റിസ്കെടുക്കനുള്ള കഴിവും കണക്കിലെടുത്ത് അനുയോജ്യമായ മ്യൂച്വൽ ഫണ്ട് പദ്ധതി കണ്ടെത്തുന്നതിന് ഒരു ധനകാര്യ വിദഗ്ദന്റെ സഹായം തേടണം.

മ്യൂച്വൽ ഫണ്ടുകൾ വിപണിയിലെ ആന്ദോളനങ്ങൾക്കു വിധേയമാണെന്നതിനാൽ നിക്ഷേപ ലക്ഷ്യത്തിനനുസരിച്ചുള്ള ശരിയായ ഫണ്ടിന്റെ തെരഞ്ഞെടുപ്പ് സുപ്രധാനമാണ്. നിക്ഷേപത്തിൽ നിന്ന് വരുമാനമുണ്ടാക്കാൻ വേണ്ടത്ര പഠനത്തോടെയുള്ള നിക്ഷേപമാണ് ആവശ്യം.

-------------------------

AROUND THE WEB

FEATURED

Ad Ketto

**Without transplant, my son won't survive. Help!**

VISIT SITE

Recommended by

YOU MAY LIKE

Ad Ketto

**Without transplant, my son won't survive. Help!**

VISIT SITE

Recommended by

© 2022 Login Kerala 